കണ്ണൂർ ജില്ലയിലെ ക്ഷേത്രങ്ങൾക്കുള്ള പുനരുദ്ധാരണ ധനസഹായം

254 (2012) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി കണ്ണൂർ ജില്ലയിലെ ഏതൊക്കെ ക്ഷേത്രങ്ങൾക്കാണ് പുനഃരുദ്ധാരണത്തിന് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നതെന്ന് പേരും അനുവദിച്ച തുകയും സഹിതം വെളിപ്പെടുത്തുമോ ;

(ബി) കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ പഞ്ചായത്തിലെ ശ്രീതട്ടാരത്ത് ക്ഷേത്രസമിതി ശ്രീതട്ടാരത്ത് ക്ഷേത്ര പുനഃരുദ്ധാരണത്തിന് നൽകിയ അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(സി) ശ്രീതട്ടാരത്ത് ക്ഷേത്രത്തിന്റെ പുനഃരുദ്ധാരണത്തിന് എപ്പോൾ ധനസഹായം നൽകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ധനസഹായം അനുവദിച്ച ക്ഷേത്രങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 2010-11 വർഷത്തിൽ ജീർണ്ണോദ്ധാരണ ധനസഹായം അനുവദിക്കുന്നതിനായി തലശ്ശേരി ഡിവിഷൻ അസിസ്റ്റന്റ് കമ്മീഷണർ മുഖേന ലഭിച്ച അപേക്ഷകളുടെ പട്ടികയിൽ നിശ്ചിത ഫോറത്തിലുള്ള ശ്രീ. തട്ടാരത്ത് ക്ഷേത്രത്തിന്റെ അപേക്ഷ ഉൾപ്പെട്ടിട്ടുണ്ടായിരുന്നില്ലെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(സി) നിശ്ചിത മാതൃകയിൽ ഉചിതമാർഗ്ഗേണ നിശ്ചിതസമയ പരിധിക്കുള്ളിൽ അടുത്ത സാമ്പത്തിക വർഷത്തെ (2011-12) ക്ഷേത്ര ജീർണ്ണോദ്ധാരണ ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കാൻ ക്ഷേത്രം സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് യഥാസമയം ലഭ്യമായാൽ പരിശോധിച്ച് ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണ്.

പരവൂർ പൊഴിക്കര ക്ഷേത്രത്തിന്റെ സംരക്ഷണത്തിന് നടപടി

255 (2013) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ പൊഴിക്കര ക്ഷേത്രത്തിന്റെ അറ്റകുറ്റപ്പണിക്ക് ഈ വർഷം എത്ര രൂപ അനുവദിച്ചെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ക്ഷേത്രത്തിന്റെ പുതുക്കിപ്പണിക്ക് ആവശ്യമായ സാമ്പത്തികസഹായം നൽകുന്നതിന് ദേവസ്വം ബോർഡ് നടപടികൾ സ്വീകരിക്കുമോ ;

(സി) പുരാതനമായ പ്രസ്തുത ക്ഷേത്രം സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly